# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5642 27.03.2018 ൽ മറുപടിയ്ക്ക്

### പരിഷ്കരിച്ച ഡ്രൈവിങ് ലൈസൻസ് കാർഡുകൾ

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ നൽകുന്ന ഡ്രൈവിംഗ് ലൈസൻസ് കാർഡുകൾ ആധുനിക രീതിയിലുള്ളതാണോ; | (എ) | പരീക്ഷണാടിസ്ഥാനത്തിൽ 'സാരഥി' നടപ്പിലാക്കുന്ന വകുപ്പിന്റെ കീഴിലുള്ള മൂന്ന് ഓഫീസുകളിൽ, അതായത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആലപ്പുഴയിലും, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് കരുനാഗപ്പള്ളിയിലും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (നാഷണലൈസ്ഡ് സെക്ടർ) തിരുവനന്തപുരത്തും ഇപ്പോൾ പ്ലാസ്റ്റിക് കാർഡ് രൂപത്തിലുള്ള പരിഷ്കരിച്ച ഡ്രൈവിംഗ് ലൈസൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എങ്കിൽ ഇവയുടെ പ്രത്യേകതകൾ എന്തെന്ന് അറിയിക്കുമോ; | (ബി) | പ്ലാസ്റ്റിക് കാർഡ് ഡ്രൈവിംഗ് ലൈസൻസ് ID type-I, ISO/IEC 7810 ഫോർമേറ്റിലുള്ളതാണ്. മൈക്രോ ലൈൻ, മൈക്രോ ടെക്സ്റ്റ്, ഗൈല്ലോച്ചേ പാറ്റേൺ, ഗോൾഡൻ നാഷണൽ എംബ്ലം, ക്വിക്ക് റെസ്പോൺഡ് കോഡ്, ഹോട്ട് സ്റ്റാംപ്ഡ് യു വി സുരക്ഷിത ഹോളോഗ്രാം എന്നീ സുരക്ഷാ ഘടനകൾ പരിഷ്കരിച്ച ലൈസൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പത്തു വർഷം വരെ നീണ്ടു നിൽക്കുന്ന PET-G+PVC മെറ്റീരിയൽ ആണ് ഉപയോഗിച്ചിട്ടുള്ളത്. |
| (സി) | പഴയ ലൈസൻസ് കാർഡുടമകൾക്ക് അവ മാറ്റി പുതിയ കാർഡ് ലഭിക്കുന്നതിന് നിലവിൽ അനുമതി ഉണ്ടോ; | (സി) | പരീക്ഷണാടിസ്ഥാനത്തിൽ 'സാരഥി' എന്ന സോഫ്റ്റ്വെയർ നടപ്പിലാക്കുന്ന വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ നിന്നും 'സാരഥി' യിലൂടെ ലേർണേഴ്സ് ടെസ്റ്റ് പാസ്സ് ആയവർക്ക് മാത്രമാണ് നിലവിൽ പ്ലാസ്റ്റിക് കാർഡ് ഡ്രൈവിംഗ് ലൈസൻസ് നൽകി വരുന്നത്. |
| (ഡി) | ഇല്ലെങ്കിൽ ഇതിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പദ്ധതി നടപ്പിലാക്കി വരുമ്പോൾ പഴയ ലൈസൻസ് മാറ്റി പുതിയവ നൽകുവാൻ സാധിക്കും |

സെക്ഷൻ ഓഫീസർ